കേരളകൗമുദി
21 മാർച്ച് 2017 ചൊവ്വ
തിരുവനന്തപുരം

പി.എസ്.സി പരീക്ഷയിൽ ഇനി പത്ത് മാർക്കിന്റെ മലയാളം ചോദ്യങ്ങളും

തിരുവനന്തപുരം: ബിരുദം അടിസ്ഥാന യോഗ്യതയായ പി.എസ്.സി പരീക്ഷകളിൽ പത്ത് മാർക്കിന്റെ മലയാള ചോദ്യങ്ങളുൾപ്പെടുത്താൻ തീരുമാനിച്ചു. ചിങ്ങം ഒന്ന് മുതൽ ഇത് നടപ്പാക്കുമെന്ന് പി.എസ്.സി അറിയിച്ചു. സെക്രട്ടേറിയറ്റ്/പി.എസ്.സി അസിസ്റ്റന്റ്, കമ്പനി കോർപ്പറേഷൻ അസിസ്റ്റന്റ് പരീക്ഷകളുടെ ചോദ്യങ്ങളിലെല്ലാം ഇനി മലയാളവുമുണ്ടാകും. മലയാളത്തിന് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചിട്ടും കേരള പി.എസ്.സി മാതൃഭാഷയെ പടിക്കുപുറത്തു നിറുത്തിയിരിക്കുകയായിരുന്നു.

കെ.എസ്.യു: വോട്ടെടുപ്പ് തുടങ്ങി; ആധിപത്യം ഉറപ്പിക്കാൻ എ ഗ്രൂപ്പ്

▸പ്രത്യേക ലേഖകൻ

തിരുവനന്തപുരം: ഇന്നലെ ആരംഭിച്ച കെ.എസ്.യു സംഘടനാ തിരഞ്ഞെടുപ്പിൽ സമ്പൂർണ ആധിപത്യം ഉറപ്പാക്കി ശക്തി തെളിയിക്കാനുള്ള നീക്കത്തിലാണ് എ ഗ്രൂപ്പ്. ഡി.സി.സി അദ്ധ്യക്ഷ പദവിയിൽ ഗ്രൂപ്പിനെ അവഗണിച്ച ഹൈക്കമാൻഡിന് മറുപടി നൽകുകയാണ് ലക്ഷ്യം.

സംസ്ഥാന അദ്ധ്യക്ഷ സ്ഥാനത്തേക്ക് ഐ ഗ്രൂപ്പ് സ്ഥാനാർത്ഥി നേടുന്നതിന്റെ ഇരട്ടിയിലധികം വോട്ട് സ്വന്തം സ്ഥാനാർത്ഥിക്ക് ഉറപ്പാക്കാനുള്ള നീക്കമാണ് എ ഗ്രൂപ്പ് നടത്തുന്നത്. അദ്ധ്യക്ഷ സ്ഥാനത്തേക്കുള്ള വോട്ട് വിഭജിച്ച് നൽകിയാൽ ഏതാനും ഉപാദ്ധ്യക്ഷന്മാരെ കൂടി ജയിപ്പിക്കാൻ കഴിയുമെങ്കിലും പരമാവധി വോട്ട് അദ്ധ്യക്ഷ സ്ഥാനത്തേയ്ക്ക് സംഭരിക്കാനാണ് ശ്രമം. ഇതിനായി, ഐ ഗ്രൂപ്പിൽ നിന്ന് അകന്നു നിൽക്കുന്ന വിഭാഗങ്ങളുമായി ധാരണ ഉണ്ടാക്കുന്നുമുണ്ട്. ഐ ഗ്രൂപ്പിന്റെ ശക്തികേന്ദ്രമായ കണ്ണൂരിൽ പോലും വിള്ളലുണ്ടായി. ഐ യിലെ കെ.സുധാകര പക്ഷവും കെ.സി.വേണുഗോപാൽ പക്ഷവും ഇവിടെ രണ്ടായിട്ടാണ് മത്സരിക്കുന്നത്. ഇതിൽ ജില്ലാതലത്തിൽ സുധാകര പക്ഷവുമായി എ ഗ്രൂപ്പ് ധാരണയ്ക്ക് ശ്രമിക്കുന്നു.

സംസ്ഥാന പ്രസിഡന്റിന് പുറമേ എട്ട് ജില്ലകളിലെ പ്രസിഡന്റ് പദവിയും എ ഗ്രൂപ്പിന് നൽകി സ്ഥാനങ്ങൾ വിഭജിക്കാനായിരുന്നു ഇരു ഗ്രൂപ്പുകളും തമ്മിലെ ആദ്യ ധാരണ . എ ഗ്രൂപ്പ് ഇതിന് വിരുദ്ധമായി നീങ്ങിയതോടെ ധാരണ പൊളിഞ്ഞു. സ്വന്തം വോട്ടുകൾ ചോരാതിരിക്കാനുള്ള തീവ്ര ശ്രമത്തിലാണ് ഐ ഗ്രൂപ്പ്. സംഘടനാ തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് എ ഗ്രൂപ്പ് സംസ്ഥാനവ്യാപകമായി അംഗങ്ങളെ ചേർത്തു. എന്നാൽ, തിരഞ്ഞെടുപ്പ് നടക്കില്ലെന്ന പ്രതീക്ഷയിൽ ഐ ഗ്രൂപ്പ് അലസതയിലാണ്ടു. കാസർകോട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ വോട്ടെടുപ്പ് ഇന്നലെ പൂർത്തിയായി. കണ്ണൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിലെ വോട്ടെടുപ്പ് ഇന്നാണ്. 24 ന് വോട്ടെടുപ്പ് പൂർത്തിയാവും. 25 നാണ് വോട്ടെണ്ണൽ.

എസ്.എസ്.എൽ.സി മാത്‌സ് ചതിച്ചു; പ്ലസ്ടു ജേർണലിസം കടുത്തു

തിരുവനന്തപുരം: എസ്.എസ്.എൽ.സി പരീക്ഷയുടെ മാത്‌സ് കുട്ടികളെ ശരിക്കും വട്ടം ചുറ്റിച്ചു. ശരാശരിയും അതിന് താഴെയുമുള്ള കുട്ടികൾ ചോദ്യ പേപ്പർ കണ്ട് കണ്ണുതള്ളി. എസ്.എസ്.എൽ.സിയുടെ കഴിഞ്ഞ പരീക്ഷകളെല്ലാം എളുപ്പമായതിന്റെ ത്രില്ലിലാണ് മാത്‌സ് പരീക്ഷ എഴുതാൻ പോയത്. മാത്‌സ് കടുത്തതോടെ ഇനി നടക്കാനിരിക്കുന്ന പരീക്ഷകൾ വലയ്ക്കുമോ എന്ന പേടിയിലാണ് കുട്ടികൾ.

പ്ലസ് ടു ഹ്യുമാനിറ്റീസിലെ ജേർണലിസം പരീക്ഷയും വിദ്യാർത്ഥികളെ വലച്ചു. 60 മാർക്കിന്റെ പരീക്ഷയ്ക്ക് 15 മാർക്ക് സിലബസിന് പുറത്തുള്ളതായിരുന്നു. മാതൃകാ ചോദ്യ പേപ്പർ വച്ച് പഠിച്ച് പരീക്ഷ എഴുതാൻ പോയ വിദ്യാർത്ഥികളിലധികവും ഉത്തരം എഴുതാനാകാതെ വിഷമിച്ചു. പ്ലസ് ടുവിന്റെ മാത്‌സ്, അക്കൗണ്ടൻസി പരീക്ഷകളും പ്ലസ് വണ്ണിന്റെ കെമിസ്ട്രിയും ഇംഗ്ലീഷും കട്ടിയായിരുന്നു.

ഇറോം ശർമിള മുഖ്യമന്ത്രിയെ സന്ദർശിച്ചു

തിരുവനന്തപുരം: തലസ്ഥാനത്തെത്തിയ മനുഷ്യാവകാശ പ്രവർത്തക ഇറോം ശർമ്മിള ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു. ഉച്ചയ്ക്ക് രണ്ടര മണിയോടെ സഹപ്രവർത്തകയായ നജ്മബീവിയിക്കൊപ്പമാണ് അവർ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തിയത്. അഞ്ചുമിനിട്ടോളം അവർ മുഖ്യമന്ത്രിയോട് സംസാരിച്ചു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി.ജയരാജനും സന്നിഹിതനായിരുന്നു.

രാവിലെ എകെജി സെന്ററിലെത്തി സി.പി. എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ എന്നിവരെയും ഇറോം ശർമ്മിള സന്ദർശിച്ചു.

ഇന്നലെ രാവിലെ ആറരയ്ക്ക് തമ്പാനൂർ സെൻട്രൽ റെയിൽവെ സ്റ്റേഷനിലെത്തിയ ഇറോമിന് ഡി.വൈ .എഫ്. ഐ പ്രവത്തകർ ആവേശകരമായ സ്വീകരണമാണ് നൽകിയത്.

ഇറോമിന് വി.എസിന്റെ പിന്തുണ

തിരുവനന്തപുരം: മണിപ്പൂരിന്റെ സമരനായികയ്ക്ക് കേരളത്തിലെ വിപ്ലവ സൂര്യന്റെ പിന്തുണ. ഇന്നലെ വൈകിട്ട് തന്നെ സന്ദർശിച്ച ഇറോം ശർമിളയ്ക്കാണ് ഭരണപരിഷ്കരണ കമ്മിഷൻ അദ്ധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ എല്ലാ പിന്തുണയും അറിയിച്ചത്. താൻ രചിച്ച 'അയ്യൻകാളി മുതൽ പശ്ചിമഘട്ടംവരെ ' എന്ന പുസ്തകം ഒപ്പിട്ട് ഇറോമിന് സമ്മാനമായി വി.എസ് നൽകി.

തെക്കൻകുരിശുമല വജ്രജൂബിലി തീർത്ഥാടനം 26 മുതൽ

തിരുവനന്തപുരം: തെക്കൻകുരിശുമല വജ്രജൂബിലി തീർത്ഥാടനം 26 മുതൽ ഏപ്രിൽ രണ്ടുവരെ നടക്കും. 26ന് വൈകിട്ട് 6.30ന് മുഖ്യമന്ത്രി പിണറായി വിജയൻ തീർത്ഥാടന സമ്മേളനം ഉദ്ഘാടനം ചെയ്യും. ദുഃഖവെള്ളിയാഴ്ചയോടനുബന്ധിച്ച് ഏപ്രിൽ 13, 14 തീയതികളിലും തീർത്ഥാടകർക്ക് മലകയറാമെന്ന് തീർത്ഥാടന കമ്മിറ്റി ജനറൽ കൺവീനർ മോൺ. ഡോ. വിൻസന്റ് കെ. പീറ്റർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

26ന് വൈകിട്ട് 3.30ന് സംഗമവേദിയിൽ നെയ്യാറ്റിൻകര രൂപത ബിഷപ്ഡോ. വിൻസന്റ് സാമുവൽ പതാക ഉയർത്തുന്നതോടെയാണ് തീർത്ഥാടനപരിപാടികൾക്ക് തുടക്കമാവുക. തിരുവനന്തപുരം ആർച്ച്ബിഷപ്ഡോ. എം. സൂസപാക്യത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ വജ്രജൂബിലി പൊന്തിഫിക്കൽ ദിവ്യബലിക്ക് ശേഷം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ബിഷപ്ഡോ. വിൻസന്റ് സാമുവൽ അദ്ധ്യക്ഷത വഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ മുഖ്യ സന്ദേശം നൽകും. ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, എം.എൽ.എമാരായ സി.കെ. ഹരീന്ദ്രൻ, മനോതങ്കരാജ്, എം. വിൻസെന്റ്, സി.പി.എം ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു തുടങ്ങിയവർ പങ്കെടുക്കും.

കായലിൽ വീണ്ടും തെരഞ്ഞിട്ടും മിഷേലിന്റെ മൊബൈൽ ലഭിച്ചില്ല

കൊച്ചി: ദുരൂഹ സാഹചര്യത്തിൽ മരിച്ച മിഷേൽ ഷാജിയുടെ മൊബൈൽ ഫോൺ കണ്ടെത്താൻ ഒരു പകൽ മുഴുവൻ ക്രൈംബ്രാഞ്ച് കായലിൽ മുങ്ങിത്തപ്പിയിട്ടും ഫലമുണ്ടായില്ല. മരണം സംഭവിച്ച് രണ്ടാഴ്ച പിന്നിട്ടെങ്കിലും നിർണായകമായ വിവരങ്ങളൊന്നും അന്വേഷണ സംഘത്തിന് ലഭിച്ചിട്ടില്ല.

ഇന്നലെ രാവിലെ പത്തോടെയാണ് ഗോശ്രീ പാലത്തിൽ നിന്ന് മിഷേൽ ചാടിയെന്ന് കരുതുന്ന കായലിൽ തെരച്ചിൽ ആരംഭിച്ചത്. തോപ്പുംപടിയിലെ സ്വകാര്യ സ്ഥാപനത്തിലെ മുങ്ങൽ വിദഗ്ദ്ധരെ ഉപയോഗിച്ചാണ് ക്രൈംബ്രാഞ്ച് എസ്.പി. മധുവിന്റെ മേൽനോട്ടത്തിൽ തെരച്ചിൽ നടത്തിയത്. കായലിന്റെ അടിത്തട്ടിൽ വരെ പരിശോധിച്ചെങ്കിലും ഫോൺ കണ്ടെത്താൻ കഴിഞ്ഞില്ല. മിഷേലിന്റെ ബാഗും ലഭിച്ചില്ല.

കലൂർ പള്ളി മുതൽ ഹൈക്കോടതി ജംഗ്ഷൻ വരെ മിഷേൽ സഞ്ചരിച്ച സ്ഥലങ്ങളിലെ സി.സി.ടി.വി ദൃശ്യങ്ങൾ കൂടുതൽ പരിശോധിച്ചെങ്കിലും നിർണായകമായ തെളിവോ സൂചനയോ ലഭിച്ചില്ല. അറസ്റ്റിലായ ക്രോണിനെ ചോദ്യംചെയ്തെങ്കിലും വ്യക്തമായ വിവരങ്ങൾ ലഭിച്ചിരുന്നില്ല. ഇയാളുടെ വീട്ടിലും പരിശോധന നടത്താനാണ് നീക്കം.

പൾസർ സുനി അരൂർ പൊലീസ് കസ്റ്റഡിയിൽ

ചേർത്തല: നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ ജയിലിൽ കഴിയുന്ന പൾസർ സുനിയെ അരൂർ പൊലീസ് കസ്റ്റഡിയിൽ വാങ്ങി. വാഹനമോഷണ കേസിൽ തെളിവെടുപ്പിനായാണ് നടപടി.

പാലക്കാട് നെന്മാറ സ്വദേശിയുടെ യമഹ ബൈക്ക് 2012ൽ അരൂരിൽ നിന്ന് മോഷ്ടിച്ച കേസിൽ ഒന്നാം പ്രതിയാണ് സുനി. 2016 ഒക്ടോബർ 24ന് കുന്നംകുളം പൊലീസ് വാഹന പരിശോധനയ്ക്കിടെ ബൈക്ക് പിടികൂടിയതോടെയാണ് കേസിന് തുമ്പായത്.

നടിയെ ഉപദ്രവിച്ച കേസിൽ പിടിയിലായതോടെയാണ് അരൂർ പൊലീസ് ചേർത്തല കോടതിയിൽ നിന്ന് പ്രൊഡക്ഷൻ വാറണ്ട് വാങ്ങിയത്. കാക്കനാട് സബ് ജയിലിൽ നിന്ന് തിങ്കളാഴ്ച ഉച്ചയോടെയാണ് അരൂർ എസ്.ഐ റിനീഷിന്റെ നേതൃത്വത്തിൽ സുനിയെ ചേർത്തല കോടതിയിൽ എത്തിച്ചത്. വിരലടയാളം ഉൾപ്പെടെയുള്ള ശാസ്ത്രീയ തെളിവ് സമാഹരിക്കുന്നതിന് അഞ്ച് ദിവസം കസ്റ്റഡിയിൽ വിട്ടുനൽകണമെന്ന് പ്രോസിക്യൂഷൻ കോടതിയിൽ ആവശ്യപ്പെട്ടു. ഒരുദിവസത്തെ കസ്റ്റഡിയാണ് ചേർത്തല ഒന്നാംക്ലാസ് ജുഡിഷ്യൽ മജിസ്ട്രേട്ട് (രണ്ട്) കെ.ഇ. ആന്റണി ഷെൽമാൻ അനുവദിച്ചത്. തെളിവെടുപ്പ് പൂർത്തിയാക്കി ഇന്ന് കോടതിയിൽ ഹാജരാക്കും.

സി-ഡിറ്റിൽ പ്രോജക്ട് സ്റ്റാഫ്

തിരുവനന്തപുരം: സി-ഡിറ്റ് പ്രോജക്ടിൽ പാലക്കാട് ജില്ലയിലെ താത്കാലിക ഒഴിവിലേക്ക് സർക്കാർ അംഗീകൃത ഡിപ്ലോമ ഇൻ എൻജിനിയറിംഗ് (കംപ്യൂട്ടർ സയൻസ്/ഹാർഡ്‌വെയർ/ഇലക്ട്രോണിക്സ്) തത്തുല്യ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ബയോഡേറ്റ സഹിതം അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 24. കൂടുതൽ വിവരങ്ങൾക്ക് www.cdit.org.

ടി.കെ.എം എൻജി. കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥികൾ ഏറ്റുമുട്ടി

- ഹോസ്റ്റലുകൾ അടിച്ചു തകർത്തു
- 6 പേർക്ക് പരിക്ക് ; 11 പേർ അറസ്റ്റിൽ

കൊല്ലം: കരിക്കോട് ടി.കെ. എം എൻജിനിയറിംഗ് കോളേജിലെ സീനിയർ- ജൂനിയർ വിദ്യാർത്ഥികൾ തമ്മിൽ നടന്ന ഏറ്റുമുട്ടലിൽ ആറ് പേർക്ക് പരിക്കേറ്റു. സംഭവവുമായിബന്ധപ്പെട്ട് 11 പേരെ കിളികൊല്ലൂർ പൊലീസ് അറസ്റ്റ് ചെയ്തു. കോടതിയിൽ ഹാജരാക്കിയ ഇവരെ ജാമ്യത്തിൽ വിട്ടു. കോളേജ് അനിശ്ചിത കാലത്തേക്ക് അടച്ചു.

മൂന്നാം വർഷ വിദ്യാർത്ഥികളായ കണ്ണൂർ ചെറുതാഴം കാരാട്ട് വീട്ടിൽ വൈഷ്ണവ് (22), ഏഴിമല പാമ്പാട്ടിൽ വീട്ടിൽ യദുകൃഷ്ണൻ (21), കോഴിക്കോട് തിരുവണ്ണൂർ ആദിത്ത് (22), തൃശൂർ ചാവക്കാട് മുബീൽ (22), കണ്ണൂർ താണ സ്വദേശി ഫാത്തിഹ് മുഹമ്മദ് (20), നാലാം വർഷ വിദ്യാർത്ഥി എളമക്കര സ്വദേശി ഫാരിസ് അഹമ്മദ് (22), അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥി തിരുവനന്തപുരം അശ്വതിയിൽ നവനീത് (23) എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ വിവിധ സ്വകാര്യ ആശുപത്രികളിലും ജില്ലാ ആശുപത്രിയിലുമായി പ്രവേശിപ്പിച്ചു.

ഞായറാഴ്ച അർദ്ധരാത്രിയോടെയായിരുന്നു സംഭവങ്ങളുടെ തുടക്കം. അവസാന വർഷ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'കോൺജൂറ-2017' നാഷണൽ ടെക്നിക്കൽ ഫെസ്റ്റിന്റെ സമാപനത്തിന് ശേഷം നടന്ന ആഘോഷമാണ് കൂട്ടത്തല്ലിൽ കലാശിച്ചത്. പുലർച്ചയോളം നീണ്ട സംഘട്ടനത്തിനിടെ സുവർണ ജൂബിലി സ്മാരക ഹോസ്റ്റൽ, അനക്സ് ഹോസ്റ്റൽ, സ്വകാര്യ ഹോസ്റ്റലുകളായ അൻസർ, സൗമ്യ എന്നിവയും അടിച്ചു തകർക്കപ്പെട്ടു. കമ്പി വടിയും കുറുവടികളും ഉപയോഗിച്ചായിരുന്ന ഏറ്റുമുട്ടൽ.

സമീപത്തെ മറ്റു ഹോസ്റ്റലുകളിൽ നിന്നും പൊലീസ് ആയുധങ്ങൾ കണ്ടെത്തി. അൻപതോളം വിദ്യാർത്ഥികൾക്കെതിരെ കേസെടുത്തു.

സംഭവവുമായി ബന്ധപ്പെട്ട് സഞ്ജിത് ഖാൻ (22), അതുൽ (22), മഹേഷ് (22), ശ്രീനാഥ് (22), അതുൽ (22), വെങ്കിടേഷ് (19), ശരൺ (22), ആദിൽ (22), അർഷാദ് (20), മെഹദീപ് (21), മുഹമ്മദ് ഇജാസ് (22), അനസ് (24), ഷുഹൈബ് (22) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. പ്രധാന പങ്ക് വഹിച്ച മൂന്ന് പേരെക്കൂടി പിടി കിട്ടാനുണ്ടെന്ന് പൊലീസ് പറഞ്ഞു.

സ്വാശ്രയ മെഡി. പ്രവേശനം: സർക്കാർ നിയന്ത്രണത്തിന് നിയമം വരും

- പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസിളവ് ഉറപ്പാക്കും
- സർവകക്ഷി യോഗത്തിൽ യു.ഡി.എഫ് പങ്കെടുത്തില്ല

തിരുവനന്തപുരം: സ്വാശ്രയ മെഡിക്കൽ പ്രവേശനം നിയന്ത്രിക്കാനുള്ള സമഗ്ര നിയമ നിർമ്മാണം സർക്കാർ പരിഗണിക്കും. വ്യത്യസ്ത ഫീസ് പാടില്ലെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസിളവ് ഉറപ്പാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് നിയമോപദേശം തേടുമെന്നും ഇന്നലെ നടന്ന സർവ്വകക്ഷി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

ഫീസടക്കമുള്ള വിഷയങ്ങളിൽ മാനേജ്മെന്റുകളുമായി സർക്കാർ ചർച്ച നടത്തും. അതിനുശേഷം വീണ്ടും സർവ്വകക്ഷി യോഗം വിളിക്കും. അടുത്ത വർഷത്തെ പ്രവേശന നടപടികൾ ആരംഭിക്കും മുമ്പ് തന്നെ പ്രവേശനത്തിലും ഫീസിലും വ്യക്തത വരുത്താനാണ് സർക്കാർ ശ്രമം. വരുന്ന അദ്ധ്യയന വർഷം മുതൽ ദേശീയ പ്രവേശന പരീക്ഷയുടെ (നീറ്റ്) റാങ്ക് പട്ടികയിൽ നിന്ന് മാത്രമേ മെഡിക്കൽ പ്രവേശനം സാധ്യമാകൂ. ഇതിലെ ആശയക്കുഴപ്പം പരിഹരിക്കാനാണ് സർവ്വകക്ഷി യോഗം വിളിച്ചത്. നിർദ്ദിഷ്ട നിയമത്തിന്റെ കരട് സർക്കാർ തയ്യാറാക്കിയതായും അറിയുന്നു.

യോഗത്തിൽ യു.ഡി.എഫ് കക്ഷികൾ പങ്കെടുത്തില്ല. ക്ഷണിച്ചില്ലെന്ന് അവർ പിന്നീട് അറിയിച്ചു. ബി.ജെ.പി പ്രതിനിധി പങ്കെടുത്തു. എന്നാൽ, പ്രതിപക്ഷ നേതാവടക്കമുള്ള യു.ഡി.എഫ് നേതാക്കളെ യോഗ വിവരം അറിയിച്ചിരുന്നുവെന്നും , അവരാരും അസൗകര്യം അറിയിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി യോഗത്തിൽ വ്യക്തമാക്കി. പ്രാഥമിക ചർച്ചയാണിതെന്നും പാർട്ടികൾ നിർദ്ദേശങ്ങൾ അറിയിച്ചാൽ തുടർ ചർച്ചയാവാമെന്നും അദ്ദേഹം പറഞ്ഞു. പ്രവേശനത്തിൽ വരും വർഷം മുതൽ വരുത്തേണ്ട മാറ്റങ്ങൾ ആരോഗ്യ മന്ത്രി കെ.കെ.ശൈലജ വിശദീകരിച്ചു.

പ്രവേശനത്തിൽ മെരിറ്റും സംവരണവും ഉറപ്പാക്കണമെന്നും, പാവപ്പെട്ടപ്പെട്ട വിദ്യാർത്ഥികൾക്ക് സഹായം നൽകണമെന്നും സി.പി.എമ്മിൽ നിന്ന് എം. വിജയകുമാറും സി.പി.ഐയിൽ നിന്ന് കെ. പ്രകാശ് ബാബുവും നിർദ്ദേശിച്ചു. എല്ലാ ക്വോട്ടയിലും മെരിറ്റ് ഉറപ്പാക്കുകയും ഫീസ് സർക്കാർ തീരുമാനിക്കുകയും ചെയ്യണമെന്നും, സർക്കാർ ഫീസ് വാങ്ങി മാനേജ്മെന്റിന് കൈമാറണമെന്നും ബി.ജെ.പിയിലെ വി.വി.രാജേഷ് പറഞ്ഞു. കോളേജ് നടത്താനുള്ള പണം മാനേജ്മെന്റിന് ലഭിക്കുന്ന ഫീസ്ഘടനയും, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായ പദ്ധതിയും വേണമെന്ന് കെ.എം. മാണി ആവശ്യപ്പെട്ടു.

സർവകക്ഷിയോഗത്തിൽ ക്ഷണിച്ചില്ലെന്ന് പ്രതിപക്ഷ നേതാവ്

സ്വാശ്രയ മെഡിക്കൽ പ്രവേശനം സംബന്ധിച്ച സർവകക്ഷിയോഗത്തിലേക്ക് പ്രതിപക്ഷത്തെ ക്ഷണിച്ചില്ലെന്നും ഇതിൽ പ്രതിഷേധിക്കുന്നതായും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

മുഖ്യമന്ത്രി പ്രതിപക്ഷ നേതാവുമായി ആലോചിച്ചാണ് സർവകക്ഷി യോഗത്തിന്റെ തീയതി സാധാരണ നിശ്ചയിക്കുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു തവണയായി ഇങ്ങനെ സംഭവിക്കുന്നില്ല. സ്വാശ്രയ വിഷയത്തിൽ ഇന്നലെ സർവകക്ഷിയോഗം വിളിച്ച വിവരവും അറിയിച്ചിരുന്നില്ല. മലപ്പുറം ഉപതിരഞ്ഞെടുപ്പിൽ പി.കെ. കുഞ്ഞാലിക്കുട്ടിയുടെ നാമനിർദ്ദേശ പത്രിക സമർപ്പണവുമായി ബന്ധപ്പെട്ട് യു.ഡി.എഫ് നേതാക്കളെല്ലാം ഇന്നലെ മലപ്പുറത്തായിരുന്നു. ഇന്നലെ ഉച്ചയോടെയാണ് തന്റെ ഓഫീസിൽ വിളിച്ച് സർവ്വ കക്ഷിയോഗത്തിന്റെ കാര്യം അധികൃതർ പറഞ്ഞത്. ഇത് തീർത്തും പ്രതിഷേധാർഹവും അപമാനകരവും ദൗർഭാഗ്യകരവുമാണെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകൾ മോഷ്ടിച്ചു

പൂച്ചാക്കൽ: തൈക്കാട്ടുശേരി എസ്. എം. എസ്. ജെ ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകൾ മോഷണം പോയി.

സ്കൂൾ ഓഫീസ് മുറിയുടെ വാതിലിന്റെ താഴ് തകർത്ത് കയറി അലമാരയുടെ താഴ് തകർത്തായിരുന്നു മോഷണം. അൻപതോളം കടലാസുകളുടെ ഒരു കെട്ടാണ് നഷ്ടപ്പെട്ടത്. ഇതിൽ സ്കൂളിന്റെ മോണോഗ്രാമുണ്ടായിരുന്നു. എന്നാൽ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ, വിഷയം തുടങ്ങിയവ എഴുതുന്ന പ്രധാന കടലാസുകൾ നഷ്ടപ്പെട്ടിട്ടില്ല. ഇതിന് സമീപത്തെ അലമാരയുടെ താഴ് പൊളിച്ച് സാധനങ്ങൾ വലിച്ചുവാരിയിട്ടിരുന്നു. പ്രഥമാദ്ധ്യാപകന്റെ മേശവലിപ്പ് തകർത്ത് അഞ്ഞൂറ് രൂപ മോഷ്ടിച്ചു. താക്കോൽ കൂട്ടം സ്കൂളിന് മുന്നിൽ ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. എസ്.എസ്.എൽ.സി പരീക്ഷാ ആവശ്യത്തിന് ഉപയോഗിക്കുന്ന അലമാരയുടെ താഴും താക്കോലും വിദ്യാഭ്യാസ വകുപ്പിൽ നിന്നാണ് നൽകുന്നത്.

ഇന്നലെ രാവിലെ 8 ന് ജീവനക്കാരെത്തി ഓഫീസ് തുറന്നപ്പോഴാണ് മോഷണവിവരം അറിയുന്നത്. ശനിയാഴ്ച രാത്രിയിലോ ഞായറാഴ്ചയോയാണ് മോഷണം നടന്നതെന്ന് കരുതുന്നു. പൂച്ചാക്കൽ പൊലീസും ആലപ്പുഴയിൽ നിന്നുള്ള വിരലടയാള വിദഗ്ദ്ധരും പരിശോധന നടത്തി. പൊലീസ്‌നായ മണം പിടിച്ച് സ്കൂളിന് പടിഞ്ഞാറ് മതിൽഭാഗം വരെ പോയി. മോഷ്ടാക്കൾ ചോദ്യപേപ്പർ അന്വേഷിച്ച് വന്നതായിരിക്കാമെന്നാണ് പൊലീസിന്റെ നിഗമനം.

ഹജ്ജ് എംബാർക്കേഷൻ പുനഃസ്ഥാപിക്കണം

ന്യൂഡൽഹി: കോഴിക്കോട് വിമാനത്താവളത്തിലെ അറ്റകുറ്റപ്പണികാരണം കൊച്ചിയിലേക്ക് മാറ്റിയ ഹജ്ജ് എംബാർക്കേഷൻ കേന്ദ്രം പുനഃസ്ഥാപിക്കണമെന്ന് കൊടിക്കുന്നിൽ സുരേഷ് ലോക്‌സഭയിൽ ആവശ്യപ്പെട്ടു. 2015-ൽ കോഴിക്കോട് റൺവേ വികസന പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴാണ് ഹജ്ജ് എംബാർക്കേഷൻ കൊച്ചിയിലേക്ക് മാറ്റിയത്. എന്നാൽ ഹജ്ജിന് പോകുന്നവരിൽ 90 ശതമാനവും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്നുള്ളവരാണ്. ഇവർക്ക് കൊച്ചിയിൽ പോയി വിമാനം കയറാൻ ബുദ്ധിമുട്ടുണ്ടെന്നും കൊടിക്കുന്നിൽ സുരേഷ് ചൂണ്ടിക്കാട്ടി.

വ്യവസായങ്ങൾ പൂട്ടിക്കരുത്: പെരിയാർ മലിനീകരണ വിരുദ്ധ സമരസമിതി

കൊച്ചി: പെരിയാർ മലിനീകരണത്തിനെതിരെ വിഷജലവിരുദ്ധ പ്രക്ഷോഭമെന്ന പേരിൽ വ്യവസായങ്ങൾ അടച്ചുപൂട്ടണമെന്ന് ചില സംഘടനകൾ ആവശ്യപ്പെടുന്നതിനോട് വിയോജിക്കുന്നതായി പെരിയാർ മലിനീകരണ വിരുദ്ധ സംയുക്ത സമരസമിതി നേതാക്കൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പെരിയാർ മലിനീകരണത്തിനെതിരെ രണ്ടര പതിറ്റാണ്ടായി സമരം ചെയ്യുന്ന സമിതിക്കോ ജനജാഗ്രതയ്ക്കോ സംയുക്ത സമരസമിതിക്കോ ഇവരോട് ഐക്യപ്പെടാനാകില്ലെന്ന് ഭാരവാഹികളായ പുരുഷൻ ഏലൂർ, അലി മാസ്റ്റർ, എം.എൻ. ഗിരി തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

വ്യവസായ മലിനീകരണത്താലും നഗരമാലിന്യങ്ങളാലും പെരിയാറിലെ ജലം കുടിവെള്ള യോഗ്യമല്ലാതായെന്നാണ് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനം പറയുന്നത്. പെരിയാറിന്റെ ജലഗുണനിലവാരം നിലനിറുത്തുന്നതിനും അനിയന്ത്രിതമായ മലിനീകരണം അവസാനിപ്പിക്കുന്നതിനും വിദഗ്ദ്ധ ഏജൻസികൾ നിർദ്ദേശിച്ച കാര്യങ്ങൾ സർക്കാരിനും പൊതുസമൂഹത്തിനും മുമ്പിൽ സമർപ്പിക്കും.

ഇരുമ്പിന്റെ അംശവും കോളിഫോം ബാക്ടീരിയയുടെ അളവും പെരിയാറിൽ വളരെ കൂടുതലാണെന്ന് വിലയിരുത്തപ്പെടുന്നു. സെപ്ടിക് മാലിന്യങ്ങളുടെയും നഗരമാലിന്യങ്ങളുടെയും ആധിക്യം കൂടുതലാണ്. നിലവിലെ നിയമവ്യവസ്ഥയ്ക്കകത്ത് നിന്ന് തൊഴിൽ സാദ്ധ്യതകൾ നിലനിറുത്തി പെരിയാർ മലിനീകരണത്തിന് അറുതി വരുത്തുകയാണ് വേണ്ടത്.

ലോകജലദിനമായ നാളെ പെരിയാർ രക്ഷാദിനമായി ആചരിക്കും. ഏലൂർ പാതാളം കവലയിൽ വൈകിട്ട് 5.30ന് ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യും.

അതിരപ്പിള്ളി അടിച്ചേല്പിക്കില്ല: മന്ത്രി എം.എം. മണി

തൃശൂർ: അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ഉപേക്ഷിച്ചിട്ടില്ലെങ്കിലും അടിച്ചേല്പിക്കില്ലെന്ന് വൈദ്യുതിമന്ത്രി എം.എം. മണി മാദ്ധ്യമങ്ങളോട് പറഞ്ഞു.

മുന്നണിക്കുള്ളിൽ നിന്നും വിവിധ സംഘടനകളുടെ ഭാഗത്ത് നിന്നും എതിർപ്പ് ഉയർന്ന സാഹചര്യത്തിൽ നിർബന്ധബുദ്ധി പദ്ധതി നടപ്പാക്കുന്ന കാര്യത്തിലുണ്ടാകില്ല. കേന്ദ്രാനുമതി ലഭിച്ച പദ്ധതിയാണിത്. ഉത്പാദിപ്പിക്കുന്നതിനെക്കാൾ കൂടുതൽ വൈദ്യുതി പുറത്ത് നിന്ന് വാങ്ങിയാണ് കേരളം വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നത്. അതിരപ്പിള്ളി പദ്ധതി തുടങ്ങുകയാണെങ്കിൽ കുറച്ചുകൂടി വൈദ്യുതി ഉണ്ടാക്കാം. പദ്ധതിക്കെതിരെ നടൻ ശ്രീനിവാസൻ നടത്തിയ പ്രസ്താവന എന്തിന്റെ പേരിലാണെന്ന് അറിയില്ല. സൗരോർജ്ജ വൈദ്യുത പദ്ധതി നടപ്പാക്കുന്നതിന് ചെലവ് കൂടുതലാണ്. ചെറുകിട ജലസേചന പദ്ധതികളാണ് സംസ്ഥാനത്തിന് അനുയോജ്യം. കെ.എം. മാണി ഇപ്പോൾ പദ്ധതിയെ അനുകൂലിച്ചതുപോലെ മറ്റുള്ളവരും പുനർവിചിന്തനത്തിന് തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു.

ഈ വർഷം പവർക്കട്ടുണ്ടാകില്ല

സംസ്ഥാനത്ത് ഈ വർഷം പവർക്കട്ട് ഉണ്ടാകില്ലെന്ന് മന്ത്രി എം.എം. മണി പറഞ്ഞു. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ വൈദ്യുതീകരണ പ്രഖ്യാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ ഊർജ പ്രതിസന്ധി നേരിടുകയാണ്. എഴുപത്തഞ്ച് ശതമാനത്തോളം വൈദ്യുതി പണംകൊടുത്ത് വാങ്ങിക്കുകയാണ്. കൂടുതൽ വൈദ്യുതി വാങ്ങേണ്ടി വന്നാലും പവർ കട്ട് ഏർപ്പെടുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. വാട്ടർ അതോറിട്ടി അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഭീമമായ കുടിശികയാണ് ബോർഡിന് നൽകാനുള്ളതെന്നും മന്ത്രി പറഞ്ഞു.

കലാഭവൻ മണിയുടെ മരണം: സി.ബി.ഐ നിലപാടറിയിക്കണം

കൊച്ചി: കലാഭവൻ മണിയുടെ ദുരൂഹ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാണോയെന്ന് സി.ബി.ഐ വ്യക്തമായി അറിയിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. കേസ് ഏറ്റെടുക്കാൻ ആസ്ഥാനത്തുനിന്ന് നിർദ്ദേശം ലഭിച്ചിട്ടില്ലെന്ന് സി.ബി.ഐ അറിയിച്ചതിനെ തുടർന്നാണ് ഉത്തരവ്.

മണി മരിച്ച് ഒരു വർഷം പിന്നിട്ടെങ്കിലും ദുരൂഹത കണ്ടെത്താൻ കഴിയുന്ന പൊലീസ് അന്വേഷണം നടന്നിട്ടില്ലെന്നും സി.ബി.ഐ അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് സഹോദരൻ ആർ.എൽ. വി രാമകൃഷ്ണൻ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

ശരീരത്തിൽ വിഷം ചെന്നതിന്റെ ലക്ഷണങ്ങൾ മണി പ്രകടിപ്പിച്ചിരുന്നില്ലെന്ന് അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാർ വിശദീകരിച്ചിട്ടുണ്ടെന്ന് സി.ബി.ഐ അറിയിച്ചു. കേസ് വീണ്ടും 29ന് പരിഗണിക്കും.

വിളംബരം

സർവകലാശാല വാർത്തകൾ

കേരള

www.keralauniversity.ac.in

എം.ബി.എൽ ഫലം

രണ്ടാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി 31.

പരീക്ഷകൾ മാറ്റിവച്ചു

മാർച്ച് 27 മുതൽ 31 വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും സർവകലാശാല യുവജനോത്സവം നടക്കുന്നതിനാൽ മാറ്റിവച്ചു.

ബി.ബി.എ ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ നാലിന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ സപ്ലിമെന്ററി (2013, 2014 അഡ്മിഷൻ) പരീക്ഷ ടൈംടേബിൾ കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ ലഭിക്കും.

ബി.കോം പരീക്ഷ

മേയിൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ 25 (50 രൂപ പിഴയോടെ 29, 250 രൂപ പിഴയോടെ 31) വരെ അപേക്ഷിക്കാം. 2014 അഡ്മിഷൻ മുതലുള്ളവർ www.de.keralauniversity.ac.in മുഖേന ഓൺലൈനായി മാത്രം അപേക്ഷിക്കണം. സപ്ലിമെന്ററി പരീക്ഷയെഴുതിയവർക്ക് പരീക്ഷാഫലം വന്നതിന് ശേഷം അപേക്ഷിക്കാം.

ബി.എസ്‌സി ഫലം

നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്‌സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ബി.എസ്‌സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് ആൻഡ് എൻവയോൺമെന്റ് ആൻഡ് വാട്ടർ മാനേജ്മെന്റ് (ഗ്രൂപ്പ് 2 (എ)) കോഴ്സുകളുടെ (2013 -ന് മുമ്പുള്ളത്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ട്യൂഷൻഫീസ് ആനുകൂല്യം കൈപ്പറ്റണം

വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2008, 2009, 2010 അദ്ധ്യയനവർഷങ്ങളിൽ വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടിയിട്ടുള്ള എസ്.സി/ എസ്.ടി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ട്യൂഷൻഫീസ് ആനുകൂല്യങ്ങൾ ഐഡന്റിറ്റി കാർഡുകൾ സഹിതം 30-ന് മുമ്പായി പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്ന് കൈപ്പറ്റണം.

കാലിക്കറ്റ്

www.universityofcalicut.info

പരീക്ഷാ അപേക്ഷ

ഒന്നാം സെമസ്റ്റർ ബി.വോക് മെഡിക്കൽ ലബോറട്ടറി ടെക്നോളജി (2014 പ്രവേശനം മാത്രം) റഗുലർ പരീക്ഷയ്ക്ക് 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പുനർമൂല്യനിർണയ ഫലം

മൂന്നാം സെമസ്റ്റർ ബി.എ (സി. യു. സി.ബി.സി.എസ്.എസ്) നവംബർ 2015 പരീക്ഷയുടെ പുനർമൂല്യനിർണയ ഫലം വെബ്സൈറ്റിൽ.

പുനഃപ്രവേശനം

വിദൂരവിദ്യാഭ്യാസം 2014, 2015 വിജ്ഞാപന പ്രകാരം ബി.എ/ ബി.കോം/ ബി. എസ്.സി മാത്‌സ്/ ബി.ബി.എ (സി.യു.സി.ബി.സി.എസ്.എസ്) പ്രോഗ്രാമുകൾക്ക് പ്രവേശനം നേടി ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ചശേഷം തുടർ പഠനം നടത്താൻ കഴിയാത്തവർക്ക് രണ്ടാം സെമസ്റ്ററിൽ പുനഃപ്രവേശനം നേടി പഠനം തുടരാം. സി.സി.എസ്.എസ്-യു.ജി പ്രോഗ്രാമിൽ പ്രവേശനം നേടിയവർ രണ്ടാം സെമസ്റ്റർ പുനഃപ്രവേശനത്തിന് അപേക്ഷിക്കാൻ അർഹരല്ല. ഓൺലൈനായി 30 വരെ അപേക്ഷിക്കാം. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയുടെ പ്രിന്റൗട്ട്, ചെലാൻ, ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, പ്രൈവറ്റ് രജിസ്ട്രേഷൻ വിഭാഗം, സ്കൂൾ ഒഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ വിലാസത്തിൽ ഏപ്രിൽ അഞ്ചിനകം ലഭിക്കണം. ഫോൺ: 0494 2407356, 2400288.

എം.ജി

www.mgu.ac.in

പരീക്ഷാതീയതി

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഒഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (2015 അഡ്മിഷൻ റഗുലർ ആൻഡ് 2009 മുതൽ 2014 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 3 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ മാസ്റ്റർ ഒഫ് അപ്ലൈഡ് സയൻസ് ഇൻ ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ്കീം 2015 അഡ്മിഷൻ റഗുലർ /2014 അഡ്മിഷൻ സപ്ലിമെന്ററി/ പഴയ സ്കീം 2014 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 3 വരെയും സ്വീകരിക്കും.

ബി. എസ്‌സി നഴ്സിംഗ് (2002 2006 അഡ്മിഷൻ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അവസാന മേഴ്സിചാൻസ് പഴയ സ്കീം ഒന്നു മുതൽ നാലുവരെ വർഷ) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 20ന് ആരംഭിക്കും. ഒന്നാം വർഷ ബി.എസ്‌സി മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം 2015 അഡ്മിഷൻ സപ്ലിമെന്ററി ആൻഡ് പഴയ സ്കീം 2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 18ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ ബി.എൽ.ഐ. എസ്‌സി 2016 അഡ്മിഷൻ റഗുലർ (ഡിപ്പാർട്ട്മെന്റ് മാത്രം)/2009 മുതലുള്ള അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജ്, ഡിപ്പാർട്ട്മെന്റ്) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 5 വരെയും സ്വീകരിക്കും.

പത്തനംതിട്ട യൂണിവേഴ്സിറ്റി കോളേജ് ഒഫ് അപ്ലൈഡ് ലൈഫ് സയൻസസിലെ ഒന്നാം സെമസ്റ്റർ എം. ഫിൽ ഫിഷറി ബയോളജി ആൻഡ് അക്വാകൾച്ചർ പരീക്ഷകൾ ഏപ്രിൽ 6ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർഫൈനോടെ 27 വരെയും സ്വീകരിക്കും.

അപേക്ഷാതീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ 24 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്ത ഫോം ഉപയോഗിക്കുന്നവർ 20 രൂപ അപേക്ഷാഫോമിന്റെ വിലയായും റഗുലർ വിദ്യാർത്ഥികൾ 100 രൂപയും അടക്കണം. പരീക്ഷാതീയതി പിന്നീട്. 2016 ന് മുൻപുള്ള അഡ്മിഷൻ/മേഴ്സിചാൻസ് പരീക്ഷകൾക്ക് പണമടക്കാനുള്ള തീയതി പിന്നീട്.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2013 ആൻഡ് 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ 24 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 29 വരെയും അപേക്ഷിക്കാം. ഡൗൺലോഡ് ചെയ്ത ഫോം ഉപയോഗിക്കുന്നവർ 20 രൂപ അപേക്ഷാഫോമിന്റെ വിലയായി അടക്കണം. ഒരു പേപ്പറിന് 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസ് നിശ്ചിത പരീക്ഷാഫീസിന് പുറമേ അടക്കണം. ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ 50 രൂപ രജിസ്ട്രേഷൻ ഫീസായും ഇന്റേണൽ റീഡു ചെയ്യുന്നവർ 100 രൂപയും 25 രൂപ മാർക്ക്‌ലിസ്റ്റിന്റെ വിലയായും പ്രെജക്ട് ഇവാല്യുവേഷൻ ചെയ്യുന്നവർ 100 രൂപയും സി.വി ക്യാമ്പ് ഫീസിനും നിശ്ചിത പരീക്ഷാഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

മേഴ്സി ചാൻസ് ബി എഡ്. (2009 മുതൽ 2012 വരെയുള്ള അഡ്മിഷൻ /2000 മുതൽ 2008 വരെയുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 3 വരെയും 50 രൂപ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും അപേക്ഷിക്കാം. അപേക്ഷകർ ഒരു പേപ്പറിന് 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിന് പുറമേ അടക്കണം. ആദ്യത്തെ മേഴ്സിചാൻസ് വിദ്യാർത്ഥികൾ 5000 രൂപയും വീണ്ടുമെഴുതുന്നവർ 7000 രൂപയും അവസാന മേഴ്സി ചാൻസ് എഴുതുന്നവർ 10000 രൂപയും സെപ്ഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എസ്‌സി അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ /സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 27 മുതൽ അതത് കോളേജുകളിൽ നടത്തും.

മൂന്നാം സെമസ്റ്റർ ബി കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സി.ബി.സി.എസ്.എസ് 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഐ.ടി ഫോർ ബിസിനസ് പ്രാക്ടിക്കൽ 24ന് അതത് കോളേജുകളിൽ നടത്തും.

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 10 മുതൽ 22 വരെ നടത്തും.

പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (സി.എസ്.എസ് തടഞ്ഞുവെച്ച ഫലം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമണിലെ മിനു എലിസബത്ത് ജോർജ്, കോട്ടയം സി.എം. എസ് കോളേജിലെ ഹരിപ്രിയ.ഡി, കോട്ടയം ബി.സി.എം കോളേജിലെ അന്നമരിയ സൈമൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 1 വരെ സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.എസ്‌സി കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/അപ്ലൈഡ് കെമിസ്ട്രി/ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി ആൻഡ് പോളിമർ കെമിസ്ട്രി (സി.എസ്.എസ് റഗുലർ ആൻഡ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 3 വരെ സ്വികരിക്കും.

ഒന്നും രണ്ടും സെമസ്റ്റർ എം. എസ്‌സി. ഐ. ടി. സി. സി സപ്ലിമെന്ററി (2010 ന് മുൻപുള്ള അഡ്മിഷൻ മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 24 വരെ സ്വീകരിക്കും.

പി.എസ്.സി
www.keralapsc.gov.in

വൺ ടൈം വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 465/2013 പ്രകാരം കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് കം ടൈപ്പിസ്റ്റ് തസ്തികയുടെ സാദ്ധ്യതാപട്ടികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ വൺടൈം വെരിഫിക്കേഷൻ 21 മുതൽ 23 വരെയും കാറ്റഗറി നമ്പർ 35/2015 പ്രകാരം ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയുടെ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം ഉൾപ്പെടുത്തിയ ഉദ്യോഗാർത്ഥികളുടെ ഒ.ടി.ആർ പ്രമാണ പരിശോധന 22, 23 തീയതികളിലും ആസ്ഥാന ഓഫീസിൽ നടക്കും.